بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 20/03/15

**(28 JAMADUL AWWAL 1436 Hijiri)**

**Hazrat Khalifathullah Munir Ahmad Azim (A)**

## LIFE SAVING INTERVENTATION LIKENED TO EATING PORK BY FOOLISH MULLAH

**ജീവൻ രക്ഷാ ഇടപെടലിന്, പന്നിമാംസ ഭോജനത്തോടെ ഉപമിച്ചിരിക്കുന്നു – വിഡ്ഢി മുല്ല!**

സലാമിനു ശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറഃ അൽഫാത്തിഹ ഓതിയശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

ഉമ്മുൽ മുഅ്മിനീൻ സദ്ർസാഹിബ കഴിഞ്ഞ ഡിസംബറിൽ ഇംഗ്ലണ്ടിൽ തന്റെ സഹോദരിക്ക് മജ്ജ മാറ്റി വെയ്ക്കൽ ശസ്ത്രക്രിയ സംബന്ധമായ വിഷയത്തിൽ പാകിസ്ഥാനി മിഷണറി ഇൻചാർജായ ബശാറത്ത് നവീദ് പറഞ്ഞ കാര്യത്തെ സംബന്ധിച്ച്, ഇന്നത്തെ ഖുത്തുബയിൽ പ്രതിപാദിക്കുകയാണ്. മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സംബന്ധമായി ചിലർ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടിയായി അദ്ദേഹം പറഞ്ഞു. **"ആവശ്യം നേരിട്ടാൽ ഒരാൾക്ക് പന്നി മാംസവും കഴിക്കാൻ ഇസ്ലാമിൽ അനുവദിച്ചിട്ടുണ്ട്"**

ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിലെ വിഡ്ഢികൾ ഓരോ സമയവും വായ് തുറക്കുമ്പോൾ, അവരുടെ വിഡ്ഢിത്വം കൊണ്ടോ അതോ അവരുടെ മുമ്പിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾക്കു മറുപടി പറയാനുള്ള അറിവില്ലായ്മ കൊണ്ടോ എന്തായാലും ശരി, ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ അദ്ധ്യാപനങ്ങൾക്കെതിരായ ഉത്തരങ്ങളാണവർ പുലമ്പുന്നത്. ആ പരിശുദ്ധ അദ്ധ്യാപനങ്ങളെ അവർ ചവിട്ടി മെതിക്കുകയാണ് ചെയ്യുന്നത്.

ആത്മീയ രംഗത്ത് വളരെയധികം പുരോഗതി ഉണ്ടാക്കുന്നതിന് പകരം, ജമാഅത്ത് അഹ്മദിയ്യായിൽ ഇത് അനേകം പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ആത്മീയ അധഃപതനം സൃഷ്ടിക്കുന്നു. ഇതിന് കാരണം ഇത്തരത്തിലുള്ള മിഷണറിമാരാണ്. അവർ പ്രകടിപ്പിക്കുന്നത് അർത്ഥ ശൂന്യമായ കാര്യങ്ങളാണ്. അവരുടെ ചിന്താഗതിയുടെ അധഃപതനമാണത്. ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിലെ മിഷണറിമാരെന്ന നിലയിലുള്ള അവരുടെ വിശ്വാസ്യത നഷ്ടമായിരിക്കുന്നു. വിശിഷ്യാ, ആ മിഷനറി ഇൻ ചാർജ്ജായ ബശാറത്ത് നവീദിന്റെ വിശ്വാസ്യത ! 3 വർഷ സർവ്വീസ്കാലം അദ്ദേഹത്തിന് അവസാനിച്ചിരിക്കുകയാണ്. തുടർന്നും മൗറീഷ്യസിൽ നിൽക്കുവാനുള്ള എന്ത് ന്യായീകരണമാണ് സമർപ്പിച്ചിട്ടുള്ളതെന്ന് നമുക്ക് അറിയില്ല. മൗറീഷ്യസിൽ തന്നെ തങ്ങി എന്തു സന്തോഷമാണ് നേടാനുള്ളതെന്നും അറിയില്ല. മജ്ജ മാറ്റിവയ്ക്കൽ സംബന്ധമായി ചില അഹ്മദികൾ ചോദിച്ച ചോദ്യത്തിന് ഉത്തരമായി അദ്ദേഹം പറഞ്ഞത് കേട്ടപ്പോൾ സഹതാപം തോന്നി ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ സദ്ർ സാഹിബ, ജമാഅത്ത് അഹ്മദിയ്യായിലെ തന്റെ സഹോദരിക്ക് വേണ്ടിയാണ് അത് ചെയ്തത്. ആ വിഡ്ഢി മുല്ല എത്തരത്തിലുള്ള ഉത്തരമാണ് നൽകിയതെന്ന് നോക്കുക.

ഈ വിഷയത്തിൽ, ഒരു വെള്ളിയാഴ്ച ഖുത്തുബയുമായി വരുന്നതിന് മുമ്പ്, ആ മുല്ലയുടെ വാക്കുകൾ സംബന്ധമായി അനേകം അഹ്മദികളോട് ചോദിച്ചു ഞാൻ ഉറപ്പു വരുത്തിയിട്ടുള്ളതാകുന്നു. അയാൾ പറഞ്ഞ ഉത്തരം അവരെല്ലാം സ്ഥിരീകരിച്ചിട്ടുള്ളതുമാകുന്നു. ആ വിഡ്ഢിമുല്ല പറഞ്ഞു. **"ആവശ്യമുണ്ടെങ്കിൽ ഒരാൾക്ക് ഇസ്ലാമിൽ പന്നി മാംസം കഴിക്കുവാനും അനുവദിച്ചിട്ടുണ്ട്."** ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനോട് എത്രമാത്രം ശത്രുതയുണ്ടെന്ന് അയാൾ ഇതിലൂടെ പ്രകടി

ഷിച്ചിരിക്കുകയാണ്. എന്നാൽ അയാൾ ചെയ്ത ഈ പ്രവർത്തിയിലൂടെ സ്റ്റെം സെൽ കൊടുത്ത ആളുടെയും അത് സ്വീകരിച്ച ആളുടെയും കുടുംബത്തെ ആക്ഷേപിച്ചിരിക്കുകയാണെന്ന് അയാൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. രണ്ട് സഹോദരിമാർ ! രണ്ട് രക്തബന്ധുക്കൾ ! വിഡ്ഢിക്കോലം കത്തിച്ചു വിട്ട വാക്കുകൾ അല്പംമാത്രം ! എന്നാൽ അത് ഒരു തീക്കൊള്ളി കത്തിക്കുന്നത് പോലെയാണ്. അതിന് വളരെയധികം നാശനഷ്ടങ്ങൾ വരുത്തുവാൻ കഴിയും. ഒരുമാതാവിനെ അയാൾ എങ്ങനെയാണ് വിധിക്കുന്നത് ? അവൾ പ്രസവിച്ചു. അല്ലാഹു കാക്കട്ടെ ! ഒന്ന് മനുഷ്യനും മറ്റൊന്ന് പന്നിയും ? അവൻ ധൈര്യപൂർവ്വം ഉപയോഗിച്ച ഈ വാക്കുകൾ എന്ത്മാത്രം വേദന ഉളവാക്കുന്നതാണെന്ന് അയാൾക്ക് അറിയാമോ ? ആ കുടുംബത്തിന് ഇത് എത്രമാത്രം മുറിവേൽപ്പിച്ചിട്ടുണ്ടെന്ന് അറിയാമോ ? പ്രസവിച്ച മാതാവിന് ഇത് എത്രമാത്രം പ്രയാസമുണ്ടാക്കിയിട്ടുണ്ടെന്ന് അറിയാമോ ? രോഗിണിയായ സഹോദരിക്ക് ഇത് എത്രപ്രയാസമുണ്ടാക്കി കാണും ? ഇത് നൽകിയവർക്ക് എത്രമാത്രം വേദന ഉണ്ടായിട്ടുണ്ടാവും.

ഇത്തരത്തിലുള്ള നല്ല പ്രവർത്തികൾ ഒരു നല്ല വിശ്വാസി കാണുമ്പോൾ (ഒരു വിശ്വാസി അതിന് തയ്യാറാകുമ്പോൾ, എന്ത് തന്നെയായാലും തന്റെ സഹോദരിയുടെ ജീവൻ രക്ഷിക്കാൻ വേണ്ടി, അവരുടെ ജീവൻ തന്നെ ത്യാഗം ചെയ്യുവാൻ തയ്യാറാകുമ്പോൾ, അവരെ രക്ഷപ്പെടുത്തുന്നതിനായി, പരമാവധി ദു ആയിലൂടെയും രക്തദാനത്തിലൂടെയും ശ്രമിക്കുമ്പോൾ) അത് അല്ലാഹുവിന്റെ തൃപ്തിമാത്രം കാംക്ഷിച്ചുകൊണ്ടുള്ളതാണ്. ഇത്തരം പ്രവർത്തികളെ അഭിനന്ദിക്കേണ്ടതല്ലേ ? ഈ നല്ല പ്രവർത്തിയിൽ സന്തോഷം രേഖപ്പെടുത്തേണ്ടതല്ലേ ? ഇതിനാണ് ഖിദ്മത്തെ ഖൽഖ് / സൃഷ്ടി സേവനം എന്ന് പറയുന്നത്.

അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് അത്തരം പ്രവർത്തികൾ ചെയ്യുന്നവരെ സംബന്ധിച്ച്, അത്തരം ത്യാഗങ്ങളെ അല്ലാഹു (ത) അംഗീകരിക്കുന്നു. അതിനാലാണ് അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നത് **“ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് ജീവനെ വിൽക്കുന്ന ചിലരും മനുഷ്യരിലുണ്ട്. അല്ലാഹു (തന്റെ അത്തരം ഭക്ത) ദാസരോട് ഏറെ കരുണയുള്ളവനാകുന്നു.”** (2:208)

അത്ഭുതമെന്ന് പറയട്ടെ ! ഈ പറയപ്പെട്ട മിഷണറി ബശാറത്ത് നവീദ് ഈ മഹത്തായ കൃത്യം കണ്ടപ്പോൾ, ഇതിൽ നിന്നും മുഖം തിരിച്ചു കളഞ്ഞു, ജമാഅത്തിൽ കുഴപ്പം സൃഷ്ടിക്കുവാൻ ക്രൗര്യത്തോടെ ഇറങ്ങിപ്പുറപ്പെട്ടു. ഇത്തരക്കാരുടെ ജല്പനങ്ങൾ ഇത്തരം സ്വഭാവവൈശിഷ്ട്യമുള്ളവർക്കുള്ളതാണ്. ഇത് ഒരിക്കലും അല്ലാഹു ഇഷ്ടപ്പെടുന്നില്ല ! അല്ലാഹു (ത) പറയുന്നു. **“എന്നാൽ അല്ലാഹു കുഴപ്പത്തെ ഇഷ്ടപ്പെടുന്നില്ല.”** (2:206)

മൗറീഷ്യസിൽ അയാൾക്ക് മൂന്ന് അധികാരങ്ങൾ ലഭിച്ചിട്ടുണ്ട്. അതിലൊന്ന് ഇപ്പോഴും അയാൾ അവിടെ തുടരുന്നു; ഇവിടെത്തന്നെ തുടരുവാൻ ശ്രമം നടത്തുന്നു; സ്വയം ഒരു വലിയ ആളാണെന്ന് അയാൾ കരുതുന്നു. എന്നിട്ട് ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിന് വളരെയധികം പ്രയാസമുണ്ടാക്കുന്നു. മൗറീഷ്യസിൽ നിന്നും ലഭിക്കുന്ന ഭൗതീക ആഡംബരങ്ങളിൽ ആകൃഷ്ടനായാണ് കാലാവധി കഴിഞ്ഞിട്ടും ഇവിടെ തുടരുവാൻ ആഗ്രഹിക്കുന്നത്. ദൈവീക ദൃഷ്ടാന്തത്തെയും അല്ലാഹുവിന്റെ പ്രതിനിധിയെയും വിശ്വസിച്ചവരെ പരിഹസിക്കുവാനും കളിയാക്കുവാനുമുള്ള വാസന ഇയാൾക്കൊരു മുതൽക്കൂട്ടാണ്. മുല്ലാമാരെക്കുറിച്ച് പരിശുദ്ധ പ്രവാചകൻ (സ) അനേകം പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. അവയിൽ പലതും ഇക്കാലത്തെ ഉലമാക്കളെക്കുറിച്ചുള്ളതാണ്. ഉദാഹരണത്തിന് ഒരു പ്രവാചക വചനത്തിൽ നമുക്ക് കാണാം **“ അറിവ് അൽപ്പവും അവശേഷിക്കാത്ത ഒരു കാലം വരും. ജനങ്ങൾ അറിവില്ലാത്തവരെ അവരുടെ നേതാക്കൻമാരായി സ്വീകരിക്കും. മതപരമായ കാര്യത്തിൽ അവരോട് മാർഗ്ഗദർശനം ആരായും. യാതൊരു അറിവും ഇല്ലാത്ത ഈ നേതാക്കൻമാർ മതവിധികൾ പുറപ്പെടുവിക്കും. അവർ സ്വയം വഴികേടിലും, മറ്റുള്ളവരെ വഴികേടിലാക്കുകയും ചെയ്യുന്നതാണ്.”** (മിശ്ക്കാത്ത്, കിതാബുൽ ഇൽമ് ചാപ്റ്റർ 3 പേജ് 38)

പ്രവാചക പ്രഭു വീണ്ടും പറയുന്നു **" ഒരു സമയം വരും എന്റെ സമുദായത്തിലെ ആളുകൾ വിവിധ ചേരി കളിലാകും. വളരെ വലുതും അടിസ്ഥാനപരവുമായി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി വരും. സാധാരണ ആളു കൾ അപ്പോൾ പണ്ഡിതൻമാരുടെ അടുക്കലേക്ക് മാർഗ്ഗദർശനത്തിനായി പോകും. പണ്ഡിതൻമാർക്ക് പകരം അവർ കാണുന്നത് കുരങ്ങൻമാരെയും പന്നികളെയും ആയിരിക്കും."** ഇതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ് ?

ഭാവിയിൽ വരാനിരിക്കുന്ന ചില വസ്തുതകളെക്കുറിച്ച് പ്രവാചകൻ (സ) സംസാരിക്കുകയാണ്. തന്റെ സമുദായത്തിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്ന ഒരു സാഹചര്യത്തെക്കുറിച്ച് വിവരിക്കുകയാണ്. സാധാ രണഗതിയിൽ സാധാരണ ആളുകൾ ഈ അഭിപ്രായ വ്യത്യാസങ്ങളുടെ സമയത്ത് അവരുടെ പണ്ഡിതൻമാ രുടെ അടുക്കലേക്കായിരിക്കും പോകുന്നത്. അപ്പോൾ അവർ പണ്ഡിതൻമാർക്ക് പകരം കുരങ്ങൻമാരെയും പന്നികളെയും ആയിരിക്കും കാണുന്നത്. ഇതുകൊണ്ട് അർത്ഥമാക്കുന്നത് അവർ (ആ പണ്ഡിതൻമാർ) നാണംകെട്ടവരായിരിക്കും. അവരിൽ ധാർമ്മികമോ ആത്മീയമോ ആയ യാതൊരു ഗുണവും ഉണ്ടായിരിക്കു കയില്ല. അവർക്ക് മുമ്പേ വന്നവരെ അവർ അനുകരിക്കുക മാത്രമായിരിക്കും ചെയ്യുന്നത്. അതായത് അല്ലാ ഹുവിന്റെ മതത്തെ അവർ തലകീഴാഴി മറിച്ചിട്ടുണ്ടായിരിക്കും. അതിനെ അവർ അനുകരിക്കുകമാത്രം ചെയ്യു ന്നവരാണ്. ഇബ്ന് ഉമർ (റ) വിവരിച്ച ഒരു പ്രവാചക വചനം നാം മറന്നു പോകരുത്, മുഹമ്മദ് (സ) പറഞ്ഞു. **" ജനങ്ങളിൽ ഒരു സമയം പെട്ടെന്ന് സമാഗതമാകുന്നതാണ്. ഖുർആനിൽ അതിന്റെ ലിപി മാത്രം ഉണ്ടായിരി ക്കും. ഇസ്‌ലാമിൽ അതിന്റെ പേര് മാത്രം അവശേഷിക്കും (അദ്ദേഹം തുടർന്നു പറയുന്നു) ആ കാലഘട്ടത്തിലെ പണ്ഡിതന്മാർ വാനലോകത്തിൻ കീഴിലുള്ള ഏറ്റവും നികൃഷ്ടരായിരിക്കും." (അൽ – ദയ്‌ലമി)**

വിശുദ്ധ പ്രവാചകൻ, വാനലോകത്തിൻ കീഴിലുള്ള നികൃഷ്ടരെന്ന്, ഇതുകൊണ്ട് അർത്ഥമാക്കു ന്നില്ല. കാരണം മനുഷ്യൻ എന്ന വാക്ക് ജീവനും ബുദ്ധിയുമുള്ള ജീവിയെയാണ് അത് സൂചിപ്പിക്കുന്നത്. മനുഷ്യൻ എന്ന പദം സസ്യജാലത്തിന് ഉപയോഗിക്കാവതല്ല. അതുകൊണ്ട് ഈ പദം മനുഷ്യൻ ഉൾക്കൊള ളുന്ന ജന്തു ലോകത്തെയാണ് വിവക്ഷിക്കുന്നത്. ജനങ്ങൾ പണ്ഡിതന്മാരുടെ അടുത്തേക്ക് ചെല്ലുമ്പോൾ ഈ രണ്ട് മൃഗങ്ങളെയാണ് കാണുന്നത്. (കുരങ്ങൻമാരും പന്നികളും) മനുഷ്യരുമായി താരതമ്യം ചെയ്യുമ്പോൾ അവകൾ ഏറ്റവും നികൃഷ്ടതയുള്ളത് തന്നെയാണ്. അവയിൽ നിന്ന് നമുക്ക് പാഠം ഉൾക്കൊള്ളുവാൻ അവയെ ഏറ്റവും മോശമായി കാണിച്ചിരിക്കുന്നു. പണ്ഡിതൻമാർ പന്നികളും കുരങ്ങൻമാരുമായി മാറുന്ന ഈ പ്രവാചക വചനത്തിന്റെ അടിത്തറ വിശുദ്ധ ഖുർ ആനാണ്. വിശുദ്ധ ഖുർ ആൻ പ്രകാരം , മുൻ കഴിഞ്ഞ സമുദായങ്ങൾ, അതായത്, ജൂതൻമാരും, ക്രിസ്ത്യാനികളും മോശക്കാരായി മാറിയപ്പോൾ, അല്ലാഹു (ത) അവന്റെ പ്രകാശത്തെ അവരിൽ നിന്നും അവസാനം അകറ്റി. അങ്ങനെ അവരുടെ പണ്ഡിതൻമാർ, ഈ രണ്ട് ജീവിക ളെപ്പോലെയായി എന്ന് ഖുർ ആൻ പ്രതിപാദിക്കുന്നു.

ആയതിനാൽ, ഇത്തരത്തിലുള്ള ഉത്തരങ്ങൾ (മജ്ജ മാറ്റിവയ്ക്കൽ സംബന്ധമായി മുല്ല പറഞ്ഞത്) അല്ലാഹുവിലും അവന്റെ ദൂതനിലും, ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫയിലും വിശ്വാസമുള്ളവർക്ക് ചേർന്നതല്ല. അവർക്ക് അല്ലാഹുവിനോടുള്ള സ്നേഹം എല്ലാറ്റിനും ഉപരിയാണ്. മറിച്ച്, തെറ്റു ചെയ്യുന്നവർ, പരിഹസിക്കുന്നവർ, മോശം വാക്ക് പറയുന്നവർ, ബശാറത്ത് നവീദിനെപോലെ സംസാരിക്കുന്നവർ, ഇവർക്ക് കാണാൻ കണ്ണുകൾ ഉണ്ടെങ്കിൽ അവർ അവരുടെ ശിക്ഷ കാണുമായിരുന്നു. നിശ്ചയമായും അല്ലാഹു അതി കഠിനമായി ശിക്ഷിക്കുന്നവനാണ്. അവർക്ക് അല്ലാഹുവിൽ നിന്നുള്ള ശാപമുണ്ടാകുന്നതാണ്. അവർ ആ ശാപത്തിൽ തന്നെ വസിക്കുന്നവരുമാണ്. ഈ പറയപ്പെട്ട മുല്ല ബശാറത്ത് നവീദിനെ സംബന്ധിച്ചിടത്തോളം, ഒരു പക്ഷേ, അയാളുടെ ഹൃദയത്തിലും ചെവികളിലും അല്ലാഹു സീൽ പതിപ്പിച്ചിട്ടുണ്ടായിരിക്കാം ; കണ്ണു കളിൽ മറയും ഇട്ടിരിക്കാം. ഹൃദയം അടഞ്ഞു പോയതിനാൽ, അതിലേക്ക് അല്ലാഹുവിന്റെ പ്രകാശം കടന്നു ചെല്ലുന്നില്ല. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരൽപ്പം ദൈവീക പ്രകാശം ലഭിച്ചിരുന്നെങ്കിൽ, അല്ലാഹുവിന്റെ അത്ഭുത പ്രവർത്തിയും മഹത്തായ ദൃഷ്ടാന്തവും കാണുമായിരുന്നു. ബുദ്ധിമാൻമാർക്ക് മാത്രമേ കാര്യങ്ങൾ

മനസ്സിലാകുകയുള്ളൂ. വിഢ്ഢികൾക്ക് അത് കഴിയുകയില്ലല്ലോ !

ഒരു കുടുംബത്തിൽ മൂന്ന് ജമാ അത്തുകൾ ; ജമാഅത്ത് അഹ്മദിയ്യാ, ജമാഅത്ത് അഹ്മദിയ്യാ അൽമുസ്ലിമീൻ, ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം. (ചിന്തിക്കാനായി പറയുന്നു) മജ്ജ സ്വീകർത്താവ് ജമാ അത്തു അഹ്മദിയായിൽ, മജ്ജ നൽകുന്ന ആളോട് എല്ലാ കുടുംബാംഗങ്ങളും അതിശക്തമായ ബഹിഷ്ക്ക രണം ഏർപ്പെടുത്തിയിരിക്കുന്നു. കുടുംബത്തിൽ നടന്ന എല്ലാ വിവാഹ ചടങ്ങുകളിൽ നിന്നും അകറ്റി നിർത്തി യിരുന്നു, അല്ലാഹുവിന്റെ അത്ഭുതകരമായ ദൃഷ്ടാന്തം നോക്കൂ. അല്ലാഹു (ത) അത്തരമൊരു ദൃഷ്ടാന്തം വെളിപ്പെടുത്തിയിരിക്കുകയാണ്. അവർ ശക്തമായി ബഹിഷ്ക്കരിച്ച നിരാകരിച്ച ഒരാളെ അല്ലാഹു തെര ഞ്ഞെടുത്ത്, ഈ ത്യാഗത്തിന് സന്നദ്ധമാക്കുന്നു. അതോടെ മുല്ല ബശാറത്ത് നവീദിന്റെയും കൂട്ടാളികളു ടെയും അസൂയ സടകുടഞ്ഞ് എഴുന്നേറ്റിരിക്കുന്നു. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ നിന്ന് ദൈവീക ദൃഷ്ടാന്തം സ്വീകരിച്ച തന്റെ ദാസരിൽ നിന്ന് ഒരാളെ അല്ലാഹു തെരഞ്ഞെടുത്തപ്പോൾ ! ജനങ്ങളിൽ നിന്ന് അല്ലാഹു (ത) ഈ ത്യാഗം ചെയ്യുവാൻ അവരെ തെരഞ്ഞെടുക്കുകയായിരുന്നു.

നല്ല പ്രവർത്തി ചെയ്യുന്നത് കാണാനും സഹിക്കാനും ബശാറത്ത് നവീദിനും സ്നേഹിതർക്കും കഴി യില്ല; അവർ അവരുടെ ഹൃദയങ്ങളിലുള്ള രോഗങ്ങളെ പുറത്തെടുത്തു. അല്ലാഹു (ത) ഈ രോഗങ്ങളെ ഏറ്റവും വികൃതങ്ങളാക്കി മാറ്റിയിരിക്കുന്നു.

ഈ പ്രഭാഷണം, ഇന്ന്, ഇവിടെ നിർത്തുന്നു. ഇൻശാ അല്ലാഹ് ! ഇതേ വിഷയം അടുത്ത ആഴ്ചയിൽ തുടരുന്നതാണ്.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 9495207982 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************